# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1930 | 07.12.2015-ലെ മറുപടിയ്ക്ക് |
|---|---|

### പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സെസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ബാബു എം. പാലിശ്ശേരി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് 1 രൂപ വീതം സെസ് ഏർപ്പെടുത്തിയതുമൂലം എത്ര കോടി രൂപ ഇതുവരെ ഖജനാവിൽ എത്തിയിട്ടുണ്ട്; | (എ) | പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ പ്രത്യേക സെസ് ഈടാക്കുന്നില്ല. എന്നാൽ ഇവയുടെ മേൽ ലിറ്ററിന് 1/- രൂപ നിരക്കിൽ 01/04/2015 മുതൽ അധിക വില്പന നികുതി ചുമത്തിയിട്ടുണ്ട്. 31/10/2015 വരെ 254.44 കോടി രൂപ ഈ ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) | എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് പെട്രോളിനും ഡീസലിനും ഒരു രൂപ സെസ്സ് ഏർപ്പെടുത്തിയത്; അത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (ബി) | പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ പ്രത്യേക സെസ് ഈടാക്കുന്നില്ല. എന്നാൽ സ്വന്തമായി പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനായും ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട റോഡു വികസന പ്രവർത്തനങ്ങൾക്കുമായി 01/04/2015 മുതൽ പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നും ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വില്പന നികുതി പിരിച്ചെടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ